# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.257 03.02.2020 ൽ മറുപടിക്ക്

## പൊതുജനാരോഗ്യ സ്ഥാപനങ്ങൾ കാര്യക്ഷമമാക്കുവാൻ നടപടി

| ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പൊതുജനാരോഗ്യ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് കമ്മിറ്റികൾ ബഹുഭൂരിപക്ഷവും നിലവിലുള്ള ചട്ടങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായി പുനഃസംഘടിപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം മാനേജ്മെന്റ് കമ്മിറ്റികൾ അടിയന്തരമായി പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ; | (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ആശുപത്രി വികസന സൊസൈറ്റികൾ, ജനറൽ/ജില്ല ആശുപത്രികളിലെ ആശുപത്രി വികസന കമ്മിറ്റികൾ, പ്രാഥമികാരോഗ്യ കേന്ദ്രം/സാമൂഹ്യാരോഗ്യ കേന്ദ്രം/താലൂക്കാശുപത്രികൾ എന്നിവിടങ്ങളിലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | പൊതുജനാരോഗ്യ കേന്ദ്രങ്ങളിലെ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കമ്മിറ്റികളിലെ അംഗങ്ങൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നില്ല. എന്നാൽ പഞ്ചായത്ത് കമ്മിറ്റികൾക്ക് വേണ്ടി കിലയുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകുന്ന ഘട്ടത്തിൽ മാനേജ്മെന്റ് കമ്മിറ്റിയെ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്താറുണ്ട്. കൂടാതെ വകുപ്പ് തലത്തിൽ നടത്തുന്ന പരിശീലന പരിപാടികളിൽ ബന്ധപ്പെട്ട ജീവനക്കാർക്ക് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയെ സംബന്ധിച്ച പരിശീലനവും നൽകുന്നുണ്ട്. |
| (സി) | പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് സംഭാവന നൽകുവാൻ കഴിയുമെന്ന വിവരം ബഹുഭൂരിപക്ഷം ജനങ്ങൾക്കും അറിയില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിച്ച് പൊതുജനങ്ങളുടെ സംഭാവന സ്വീകരിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ പൊതുജനാരോഗ്യസ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ ആശുപത്രികളുടെ വികസനത്തിനും ചികിൽസാ സഹായമായും പൊതുജനങ്ങളിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ ആശുപത്രി വികസന സമിതികൾ വഴി സ്വീകരിക്കുകയും മെച്ചപ്പെട്ട സേവനങ്ങളും ചികിൽസയും ലഭ്യമാക്കുന്നതിനും ഉപയോഗിച്ചു വരുന്നുണ്ട്. |

Hari

സെക്ഷൻ ഓഫീസർ